പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3984 | 21.6.2019 -ൽ മറുപടിയ്ക്ക്

**ബേക്കൽ റിസോർട്ട്സ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ**

| ചോദ്യം<br>ശ്രീ.എം. രാജഗോപാലൻ : | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ, സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി | |
|---|---|---|---|
| എ) | ബി.ആർ.ഡി.സി. (ബേക്കൽ റിസോർട്ട്സ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ)-യുടെ നിയന്ത്രണത്തിലുള്ള ആയിറ്റി ബോട്ട് ടെർമിനലും ഇടയിലക്കാട് ഫെസിലിറ്റി സെന്ററും ആർക്കാണ് നടത്തിപ്പിനായി നൽകിയിട്ടുള്ളതെന്നും ഇതിന്റെ വാർഷിക വാടക എത്രയാണെന്നും നടത്തിപ്പുകാരുടെ കാലാവധി എന്നവസാനിക്കുമെന്നും വ്യക്തമാക്കാമോ; | എ) | ബി.ആർ.ഡി.സി. (ബേക്കൽ റിസോർട്ട്സ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ)-യുടെ നിയന്ത്രണത്തിലുള്ള ആയിറ്റി ബോട്ട് ടെർമിനൽ 1.12.2015 മുതൽ 5 വർഷത്തേക്ക് പാട്ടക്കരാർ വ്യവസ്ഥയിൽ വലിയപറമ്പ കായൽ ടൂറിസം വികസന സമിതിക്കാണ് നടത്തിപ്പിന് നൽകിയിട്ടുള്ളത്. വാർഷിക വാടക 1,02,000/- രൂപ (നികുതികൾ കൂടാതെ) ആണ്. വാടക കാലാവധി 30.11.2020 നാണ് അവസാനിക്കുന്നത്.<br>ഇടയിലക്കാട്ഫെസിലിറ്റി സെന്റർ 5.12.2013 മുതൽ വലിയപറമ്പ കായൽ ടൂറിസം വികസന സമിതിക്കാണ് നടത്തിപ്പിന് നൽകിയിരുന്നത്. വാർഷിക വാടക 44,784/- രൂപ (നികുതികൾ കൂടാതെ) ആണ്. ഇടയിലക്കാട് ഫെസിലിറ്റി സെന്ററിന്റെ വാടക കാലാവധി 4.12.2018-ന് അവസാനിച്ചു. ഇടയിലക്കാട് ഫെസിലിറ്റി സെന്ററിന്റെ ഇനിയുള്ള നടത്തിപ്പ് സംബന്ധിച്ച് ബി.ആർ.ഡി.സി. ബോർഡ് തീരുമാനം കൈക്കൊള്ളുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| ബി) | പ്രസ്തുത സ്ഥാപനങ്ങളുടെ അറ്റകുറ്റപണികൾ നിലവിൽ ആരാണ് ചെയ്യുന്നതെന്നും വ്യക്തമാക്കാമോ? | ബി) | നടത്തിപ്പ് സംബന്ധമായി വരുന്ന അറ്റകുറ്റ പണികൾ നടത്തിപ്പുകാർ ചെയ്യുന്നു. പ്രധാന നിർമ്മാണ പ്രവൃത്തികൾ ബേക്കൽ റിസോർട്ട്സ് ഡെവലപ്പ്മെന്റ് കോർപ്പറേഷനാണ് ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ